## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4158** **16-12-2014 ലെ മറുപടിയ്ക്ക്**

### <u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

**<u>ചോദ്യം</u>**

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

എ) സംസ്ഥാന അതിർത്തി ജില്ലകളിലെ രോഗികൾക്കു വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിലെ ആശുപത്രികളിൽ കൂടി കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ആനുകൂല്യം വ്യാപിപ്പിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

**<u>മറുപടി</u>**

**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

എ) സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യാ ബെനവലന്റ് ഫണ്ടിൽനിന്നും ചികിത്സാ ധനസഹായം നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പദ്ധതി നടത്തിപ്പു സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലേയ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളിലും മംഗലാപുരം, കോയമ്പത്തൂർ, വെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ മികച്ച ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.